(എഫ്) ആലപ്പുഴ നഗരത്തിലെ പെൻഷൻ പെയ്മെന്റ് ട്രഷറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ജി) ഈ ട്രഷറി കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ട്രഷറി വകുപ്പിൽ സമഗ്ര കമ്പ്യൂട്ടർവൽക്കരണം ഏർപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം, പത്തനംതിട്ട എന്നീ റവന്യൂ ജില്ലകളിൽ ഉള്ള 29 ട്രഷറികളിലും സമഗ്രമായ കമ്പ്യൂട്ടർവൽക്കരണം മുഖേന റ്റി.ഐ:എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ട്രഷറികളിൽ കമ്പ്യൂട്ടർവൽക്കരണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി 1182 ജീവനക്കാർക്ക് ഇതുവരെ കമ്പ്യൂട്ടർ ട്രെയനിംഗ് നൽകിയിട്ടുണ്ട്. ട്രഷറി വകുപ്പിലെ മുഴുവൻ ജീവനക്കാർക്കും ട്രെയിനിംഗ് നൽകാനാണ് ഉദ്ദേശിക്കുന്നത്. റ്റി.ഐ.എസ്. സംവിധാനം ഏർപ്പെടുത്തിയ ട്രഷറികളിൽ ആവശ്യത്തിന് ട്രെയിനിംഗ് ലഭിച്ച ജീവനക്കാർ ഉണ്ട്.

(ഡി) എല്ലാ ട്രഷറികളും കമ്പ്യൂട്ടർവൽക്കരിക്കാനും എല്ലാ ജീവനക്കാർക്കും ട്രെയിനിംഗ് നൽകാനുമാണ് പദ്ധതി. ട്രഷറികളിലെ എല്ലാ ജോലികളും കമ്പ്യൂട്ടർ മുഖേന ആണ് ചെയ്യേണ്ടത്. അതിനാൽ ട്രെയിനിംഗ് ലഭിച്ചത് പ്രയോജനമില്ലാതാകുന്നില്ല.

(ഇ) സംസ്ഥാനത്ത് ആകെ 5 പെൻഷൻ പെയ്മെന്റ് ട്രഷറികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ തിരുവനന്തപുരത്തുള്ള പെൻഷൻ ട്രഷറി കമ്പ്യൂട്ടർവൽക്കരിച്ചുകഴിഞ്ഞു. ബാക്കിയുള്ളവയിലും ഉടനെ ഇത് ഏർപ്പാട് ചെയ്യാൻ നടപടി കൈക്കൊണ്ടുവരുന്നു.

(എഫ്) &(ജി) ആലപ്പുഴ നഗരത്തിലെ പെൻഷൻ ട്രഷറിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

പബ്ലിക് അക്കൗണ്ടിലുള്ള തുക

48 (381) ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1.12.2000 ലെ കണക്കനുസരിച്ച് സംസ്ഥാനത്തിലെ പബ്ലിക് അക്കൗണ്ടിലുള്ള തുകയെത്രയാണ്;

(ബി) 25 ലക്ഷം രൂപയിലധികം സംസ്ഥാനത്തെ ട്രഷറികളിൽ നിക്ഷേപിച്ചിട്ടുള്ള വ്യക്തികളും സ്ഥാപനങ്ങളും ഏതെല്ലാമെന്ന് പറയുമോ;

(സി) ട്രഷറി നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശയെത്രയാണ്;

(ഡി) ഈ ഗവൺമെന്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ക്ഷേമനിധികളിൽനിന്നും മറ്റിടങ്ങളിൽനിന്നും വായ്പയെടുത്തിട്ടുണ്ടോ;

(ഇ) ഈ ഗവൺമെന്റ് ഏതെങ്കിലും പ്രൈവറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ധനകാര്യ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളിൽനിന്നും ക്ഷേമനിധികളിൽനിന്നും മറ്റിടങ്ങളിൽനിന്നും എത്ര പ്രാവശ്യംവീതം വായ്പയെടുത്തിട്ടുണ്ട്;

(എഫ്) ഈ വായ്പകളുടെ പലിശ എത്ര ശതമാനം വീതമാണ്; ഇതുവരെ ഇവയ്ക്കുള്ള പലിശയായി എന്തു തുക കൊടുത്തിട്ടുണ്ട്;

(ജി) 30.1.2000 ലെ കണക്കനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ, പ്രൈവറ്റ് ധനകാര്യ സ്ഥാപനങ്ങൾ, ക്ഷേമനിധികൾ, മറ്റിടങ്ങൾ എന്നീ ഓരോന്നിൽനിന്നും എടുത്ത വായ്പയിൽ എന്തു തുകവീതം തിരിച്ചു കൊടുക്കുവാനുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1.12.2000 ൽ സംസ്ഥാന ട്രഷറിയിൽ ട്രഷറി പബ്ലിക് അക്കൗണ്ടിൽ ബാക്കിയുള്ള തുക 10,38,79,65,380/- രൂപ.

(ബി) 25 ലക്ഷം രൂപയിലധികം നിക്ഷേപമുള്ള

(1) വ്യക്തികൾ - ഇല്ല

(2) സ്ഥാപനങ്ങൾ - 298

(ലിസ്റ്റ് † ഇതൊടൊന്നിച്ചു ചേർക്കുന്നു)

(സി) നിക്ഷേപങ്ങൾക്കുള്ള പലിശനിരക്ക് :

സേവിംഗ്സ് ബാങ്ക് 6% ഉം സ്ഥിര നിക്ഷേപങ്ങൾക്ക് 46 ദിവസവും അതിനു മുകളിലും 9% ഉം 3 മാസവും അതിനു മുകളിലും 9% ഉം 6 മാസവും അതിനു മുകളിലും 10% ഉം 1 വർഷം മുതൽ 3 വർഷം വരെ 13% ഉം 3 വർഷമോ അതിനു മുകളിലും 13.5% ഉം.

(ഡി) 'റിസോഴ്സ് മൊബിലൈസേഷന്റെ ഭാഗമായി കെ.എസ്.സി.ബി., കെ.എസ്.സി.എ.ആർ.ഡി., കെ.റ്റി.ഡബ്ല്യൂ.ഡബ്ല്യൂ.എഫ്. എന്നീ സ്ഥാപനങ്ങൾ ട്രഷറിയിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. ആകർഷകമായ പലിശ ലഭിക്കുന്നതിനാലാണ് ഇത്. വായ്പ എടുത്തിട്ടില്ല.

(ഇ) ഇല്ല.

(എഫ്)&(ജി) ബാധകമല്ല.

റാന്നി-പെരുനാട്ടിൽ സബ് ട്രഷറി

49 (382) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏറ്റവും വലിയ നിയോജകമണ്ഡലമായ റാന്നിയുടെ കിഴക്കൻ മേഖല കേന്ദ്രീകരിച്ച് റാന്നി-പെരുനാട്ടിൽ സബ് ട്രഷറി ആരംഭിക്കുവാൻ എന്തൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്;

(ബി) ഈ സർക്കാരിന്റെ കാലയളവിൽത്തന്നെ ഇവിടെ സബ്ട്രഷറി ആരംഭിക്കുവാൻ അനുമതി നൽകുമോ?

ഉത്തരം

(എ) പരിശോധിച്ചുവരുന്നു.

(ബി) തീരുമാനമായിട്ടില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1189/2010.

LIBRARY ARCHIVES Kerala Legislative Assembly